**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 167** **13-09-2023 - ൽ മറുപടിയ്ക്ക്**

**സിക്കിൾ സെൽ അനീമിയ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ഡോ. സുജിത് വിജയൻപിള്ള** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഭാരതീയ ചികിത്സാ വകുപ്പ് സിക്കിൾ സെൽ അനീമിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പ്രസ്തുത രോഗബാധിതരെ തിരിച്ചറിയുന്നതിനും രോഗ തീവ്രത കുറച്ച് വേദന നിയന്ത്രിക്കുന്നതിനും പദ്ധതി സഹായകരമാണോ; എന്തൊക്കെ കാര്യങ്ങളാണ് പദ്ധതി ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ; | (എ) | ഉണ്ട്.<br><br>ഭാരതീയ ചികിത്സാ വകുപ്പിൽ പ്ലാൻ പ്രോജക്ടിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിൽ സിക്കിൾസെൽ അനീമിയ പദ്ധതിയും നടപ്പിലാക്കി വരുന്നു. വയനാട് ജില്ലയിലെ കൽപ്പറ്റ ജില്ലാ ആയുർവേദ ആശുപത്രിയിൽ സിക്കിൾസെൽ അനീമിയ രോഗത്തിനു വേണ്ടി മാത്രം ഒരു യൂണിറ്റും, സുൽത്താൻ ബത്തേരി താലൂക്ക് ആയുർവേദ ആശുപത്രിയിൽ ഒരു സബ് യൂണിറ്റും നിലവിൽ പ്രവർത്തിച്ചു വരുന്നു. പഞ്ചായത്തുകളും സിക്കിൾ സെൽ അനീമിയ രോഗികൾ താമസിക്കുന്ന ആദിവാസി മേഖലകളും കേന്ദ്രീകരിച്ച് സ്ക്രീനിംഗ് ക്യാമ്പുകളും മെഡിക്കൽ ക്യാമ്പുകളും നടത്തി വരുന്നു. രോഗബാധിതരെ തിരിച്ചറിയുന്നതിന് പദ്ധതി സഹായകരമാണ്. ആയുർവേദ ഔഷധങ്ങൾ സിക്കിൾസെൽ അനീമിയ രോഗത്തിന്റെ തീവ്രത കുറയ്ക്കുന്നതിന് സഹായകരമാണ്, രോഗികൾക്കുണ്ടാകുന്ന വേദന, ക്ഷീണം തുടങ്ങിയ ലക്ഷണങ്ങൾ കുറയ്ക്കുന്നതിന് ആയുർവേദ ചികിത്സ സഹായിക്കുന്നു. സിക്കിൾസെൽ അനീമിയ രോഗത്തിന്റെ തീവ്രത കുറയ്ക്കുന്നതിനും രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള ഔഷധങ്ങൾ നൽകുക, സ്ക്രീനിംഗ് ടെസ്റ്റിലൂടെ പുതിയ രോഗികളെ കണ്ടെത്തുക, സിക്കിൾ സെൽ അനീമിയ രോഗത്തെപ്പറ്റി രോഗികൾക്കും കുടുംബാംഗങ്ങൾക്കും ആവശ്യമായ |

| | | | |
|---|---|---|---|
| | | | ബോധവൽക്കരണം നൽകുക എന്നിവയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. |
| (ബി) | സിക്കിൾ സെൽ അനീമിയ രോഗികളെ കണ്ടെത്തുന്നതിന് മെഡിക്കൽ ക്യാമ്പുകൾ ഉൾപ്പെടെ പ്രത്യേക പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഏതൊക്കെ ആശുപത്രികളിലാണ് ഇതിന് ചികിത്സ ലഭ്യമാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | സിക്കിൾസെൽ അനീമിയ രോഗികളെ കണ്ടെത്തുന്നതിനു വേണ്ടിയുള്ള രക്തപരിശോധന സംവിധാനം കൽപ്പറ്റ ജില്ലാ ആയുർവേദ ആശുപത്രിയിൽ ഏർപ്പെടുത്തിയിട്ടുണ്ട്. സോല്യൂബിലിറ്റി ടെസ്റ്റ്, ഹീമോഗ്ലോബിൻ, ഇലക്ട്രോഫോറസിസ് എന്നീ രക്തപരിശോധനകൾ വഴിയാണ് പുതിയ രോഗികളെ കണ്ടെത്തുന്നത്. കൽപ്പറ്റ ജില്ലാ ആയുർവേദ ആശുപത്രിയിൽ സിക്കിൾസെൽ അനീമിയ രോഗികൾക്കുള്ള ചികിത്സ ലഭ്യമാണ്. സുൽത്താൻ ബത്തേരി താലൂക്ക് ആയുർവേദ ആശുപത്രിയിൽ എല്ലാ ബുധനാഴ്ചകളിലും, പാതിരിച്ചാൽ ഗവ. ആയുർവേദ ആശുപത്രിയിൽ മാസത്തിലെ ആദ്യത്തെ വ്യാഴാഴ്ചയും സിക്കിൾസെൽ അനീമിയ രോഗികൾക്കുള്ള ഒ.പി. പ്രവർത്തിക്കുന്നു.<br><br>സിക്കിൾസെൽ അനീമിയ രോഗികളെ കണ്ടെത്തുന്നതിന് ആരോഗ്യ വകുപ്പിന്റെ കീഴിൽ മെഡിക്കൽ ക്യാമ്പുകൾ ഉൾപ്പെടെ പ്രത്യേക പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വയനാട് ജില്ലയിലെ എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും solubility test മുഖാന്തരമുള്ള സ്ക്രീനിംഗ് സൗകര്യവും നിലവിൽ ഏർപ്പെടുത്തിയിട്ടുണ്ട്. മരുന്നുകളും ആവശ്യമായ തുടർ ചികിത്സാ സൗകര്യങ്ങളും മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പാലക്കാട്, മലപ്പുറം ജില്ലകളിലും പ്രത്യേക സിക്കിൾസെൽ അനീമിയ സ്ക്രീനിംഗ് പ്രോഗ്രാം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ജില്ലകളിൽ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി ഡെപ്യൂട്ടി ഡി.എം.ഒ. മാരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ മറ്റ് വകുപ്പുകളുടെ സഹകരണത്തോടു കൂടി സ്ക്രീനിംഗ് ഏകോപനത്തിനായി ഒരു കോർഡിനേറ്ററേയും നിയമിച്ചിട്ടുണ്ട്. |
| (സി) | സിക്കിൾ സെൽ അനീമിയ, ഹീമോഫീലിയ, തലാസിമിയ തുടങ്ങിയ രോഗം ബാധിച്ചവർക്ക് സൗജന്യ വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിന് | (സി) | സിക്കിൾസെൽ അനീമിയ രോഗികൾക്കു വേണ്ടിയുള്ള പ്രത്യേക പദ്ധതിയാണ് ഭാരതീയ ചികിത്സാ വകുപ്പ് നടപ്പിലാക്കിയിട്ടുള്ളത്. ഹീമോഫീലിയ, തലാസിമിയ |

| | | | |
|---|---|---|---|
| | പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് പദ്ധതി ലക്ഷ്യമിടുന്നതെന്നും ആയത് രോഗികൾക്ക് എത്രത്തോളം ഗുണകരമായിട്ടുണ്ടെന്നും വിശദമാക്കാമോ? | | തുടങ്ങിയ രോഗം ബാധിച്ചവർക്കുള്ള ചികിത്സ പദ്ധതികൾ ഭാരതീയ ചികിത്സാ വകുപ്പ് നടപ്പിലാക്കുന്നില്ല.<br><br>ഹീമോഫീലിയ, സിക്കിൾസെൽ അനീമിയ, തലസീമിയ തുടങ്ങിയ രോഗങ്ങളുടെ സമഗ്രമായ ചികിത്സ സർക്കാർ ആശുപത്രികൾ വഴി ഉറപ്പാക്കുക എന്നതാണ് ആശാധാര പദ്ധതിയിലൂടെ സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. ഇതിന്റെ ഭാഗമായി ജില്ല തിരിച്ചുള്ള രോഗികളുടെ പട്ടിക ആരോഗ്യവകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ രക്തസ്രാവം ഉണ്ടാവുകയോ, സംശയിക്കുകയോ ചെയ്യുന്ന രോഗിയെ തെരഞ്ഞെടുക്കപ്പെട്ട താലൂക്ക്/ജില്ലാതല ആശുപത്രികളിലെ അത്യാഹിത വിഭാഗത്തിൽ എത്തുന്ന മുറയ്ക്ക് അടിയന്തിര ചികിത്സ ഉറപ്പാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും ഒരു മൾട്ടി ഡിസിപ്ലിനറി ടീം രൂപീകരിച്ച് സങ്കീർണ്ണമായ രോഗപ്രശ്നങ്ങൾ ഉള്ളവരെ ചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കോട്ടയം, തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ രക്തജന്യ രോഗങ്ങൾക്ക് മാത്രമായി പ്രത്യേക വാർഡോ ,നീക്കിവെച്ചിരിക്കുന്ന ബെഡുകളോ ലഭ്യമാണ്. രോഗികൾക്കുള്ള കൃത്യമായ ചികിത്സ ഉറപ്പാക്കുന്നതിനായി അന്താരാഷ്ട്ര തലത്തിൽ അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഉൾകൊള്ളിച്ചുകൊണ്ടുള്ള ചികിത്സാ പ്രോട്ടോകോൾ തയ്യാറാക്കി ഡോക്ടർമാർക്കുള്ള പരിശീലനം നൽകിയിട്ടുണ്ട്. ജില്ലാ ഡേകെയർ സെൻററുകളിൽ മുഴുവൻ സമയം പേഷ്യന്റ് കോർഡിനേറ്റർനോടൊപ്പം പരിശീലനം നൽകിയ ഫിസിയോതെറാപ്പിസ്റ്റുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. 14 ജില്ലാ ഡെകെയർ സെന്ററുകൾക്ക് പുറമേ സംസ്ഥാനത്ത് 24*7 കാഷ്വാലിറ്റി സൗകര്യം ലഭ്യമായിട്ടുള്ള 90 ജില്ലാ, ജനറൽ, താലൂക്ക് ആശുപത്രികളിൽ മരുന്ന് ലഭ്യമാക്കിയിട്ടുണ്ട്. സിക്കിൾ, തലസീമിയ ബാധിതരായ രോഗികൾക്കായി പ്രത്യേക സ്ക്രീനിംഗ് സൗകര്യവും അവർക്ക് ആവശ്യമായ ചികിത്സാ സൗകര്യങ്ങളും മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ